LIBRARY ARCHIVES Kerala Legislative Assembly

മുഞ്ഞമൂലം നെൽകൃഷിക്കുണ്ടായ നാശം

111 [2010] ശ്രീ. എം. മുരളി :
ഡോ : എം. എ. കുട്ടപ്പൻ :
ശ്രീ. കെ. ബാബു :
,, ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ മുഞ്ഞമൂലം നെൽകൃഷി നശിച്ചിട്ടുണ്ടോ ;

(ബി) എത്ര ഹെക്ടർ ഭൂമിയിലെ കൃഷി ഇപ്രകാരം നശിച്ചു ;

(സി) അതുമൂലം ആകെ എന്തു നഷ്ടമുണ്ടായിട്ടുണ്ട് ;

(ഡി) മുഞ്ഞമൂലം കൃഷിനഷ്ടം സംഭവിച്ചവർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുമോ ;

(ഇ) അവർക്ക് മറ്റെന്തെല്ലാം ആനുകൂല്യം കൊടുക്കാനുദ്ദേശിക്കുന്നു ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2223 ഹെക്ടർ നെൽകൃഷി ഇതുമൂലം നശിച്ചു.

(സി) 555.75 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഡി) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായവർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്.

(ഇ) മുഞ്ഞയുടെ ആക്രമണം മൂക്ഷമായി അനുഭവപ്പെട്ട കർഷകർക്ക് മുഞ്ഞ നിയന്ത്രണത്തിന് കീടനാശിനി തളിക്കുന്നതിന് 50% ഇളവ് നൽകിവരുന്നു. പൂർണ്ണമായി കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭദുരിതാശ്വാസ പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നെല്ല് സംഭരണത്തിന് സ്ഥിരം സംവിധാനം

112 [2011] ശ്രീ. സി. പി. മുഹമ്മദ് :
,, എം. മുരളി :
പ്രൊഫ: കെ. വി. തോമസ് :
ശ്രീ. കെ. സുധാകരൻ :
,, ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല് സംഭരിക്കുവാൻ സ്ഥിരം സംവിധാനം ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) ഗവൺമെന്റോ, ഗവൺമെന്റിന് വേണ്ടിയോ സംഭരിക്കുന്ന നെല്ല് അരിയാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുമോ ; ഈ അരി എപ്രകാരം വിപണനം നടത്താമെന്ന് കരുതുന്നു എന്നറിയിക്കാമോ ?